# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1476** **11.06.2019-ൽ മറുപടിയ്ക്ക്**

## ഫിഷറീസ് റെസിഡൻഷ്യൽ സ്കൂളുകളിലെ പ്രവേശനം

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്തെ ഫിഷറീസ് റെസിഡൻഷ്യൽ സ്കൂളുകളിൽ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പ്രവേശനം നൽകിയതിനുശേഷം ബാക്കിവരുന്ന സീറ്റുകളിൽ മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് പ്രവേശനം നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | എ) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസവും വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പത്ത് മേഖല ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ നിലവിൽ രജിസ്ട്രേഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് താമസിച്ചു പഠിക്കുന്നതിനാണ് പ്രവേശനം അനുവദിക്കുന്നത്. റസിഡൻഷ്യൽ വിദ്യാഭ്യാസത്തിന് സ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രവേശനം നൽകിയതിനുശേഷം ബാക്കി വരുന്ന ഒഴിവുള്ള സീറ്റുകളിൽ ആകെ സീറ്റിന്റെ 50% ത്തിൽ അധികരിക്കാത്ത വിധം ഡേ സ്കോളേഴ്സായി (Day Scholars) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രവേശനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മത്സ്യം ഉണക്കുന്നവർ, ചെറുകിട മത്സ്യ വില്പനക്കാർ, ചെറുകിട മത്സ്യ വിതരണക്കാർ, ബീച്ച് വർക്കേഴ്സ്, പീലിംഗ് ഷെഡ് വർക്കേഴ്സ്, ഫിഷ് ക്യൂയറേഴ്സ്, ഹാർബർ ഹെഡ് ലോഡ് വർക്കേഴ്സ് മുതലായവർ അനുബന്ധത്തൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുന്നു. ഇത്തരം അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേഖലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിലവിൽ പ്രവേശനം അനുവദിക്കുന്നില്ല. |

ബി) ഇത്തരം സ്കൂളുകളിൽ ഡേ സ്കോളർ ആയി പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ബി) 2019-20 അധ്യയന വർഷം മുതൽ എല്ലാ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും 50% ത്തിൽ അധികരിക്കാത്ത രീതിയിൽ ഡേ സ്കോളേഴ്സ് ആയി ആൺ/പെൺ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രവേശിപ്പിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**